കെട്ടിക്കിടക്കുന്നതുമാണ് കയർ വ്യവസായ രംഗത്തെ ഇപ്പോഴത്തെ പ്രധാന പ്രശ്നങ്ങൾ.

(സി) സംസ്ഥാനത്തെ സഹകരണമേഖലയിലെ കയർ, കയർ ഉൽപ്പന്ന വ്യവസായത്തെ പ്രോൽസാഹിപ്പിക്കുന്നതിനായി നടപ്പിലാക്കി വരുന്ന പുനരുദ്ധാരണ പദ്ധതി, ഓഹരി മൂലധന നിക്ഷേപ പദ്ധതി, റിബേറ്റ്, പ്രവർത്തന മൂലധന വായ്പ, ചകിരി, തൊണ്ട് എന്നിവയ്ക്കു സബ്സിഡി, പലിശ സബ്സിഡി എന്നിവ നൽകുന്നതിനു പുറമേ സംസ്ഥാനത്തുണ്ടാകുന്ന കയർ യാണിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൈവിധ്യ മാർന്ന കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ കേന്ദ്രീകൃതമായി സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിയും സർക്കാരിന്റെ പരിഗണനയിലുണ്ട്. കയർ ജിയോ ടെക്സ്റ്റൈൽസ് വിപുലമായി ഉപയോഗിക്കുന്നതിനും നടപടിയെടുത്തുവരുന്നു.

37 (1263) കയർ വ്യവസായ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ രംഗത്ത് ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(ബി) കയർ വ്യവസായ രംഗത്തെ സംബന്ധിച്ച് ഗവൺമെന്റ് നിയോഗിച്ച ടാസ്ക്ഫോഴ്സിന്റെ ശുപാർശകൾ ഗവൺമെന്റ് അംഗീകരിച്ച് നടപ്പാക്കിയിട്ടുണ്ടോ;

(സി) അഷിം ചാറ്റർജി കമ്മിറ്റി റിപ്പോർട്ട് പ്രകാരം എന്തെല്ലാം പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്;

(ഡി) കയർ തൊഴിലാളി സഹകരണ സംഘങ്ങളിൽ സർക്കാർ എടുക്കേണ്ട ഓഹരി തുകകൾ വർദ്ധിപ്പിക്കണമെന്ന ടാസ്ക് ഫോഴ്സ് ശുപാർശ നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(ഇ) തൊണ്ട്, അവശ്യസാധന നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി ലെവി സംഭരിക്കുവാനുള്ള നോട്ടിഫിക്കേഷൻ ഇപ്പോൾ നിലവിലുണ്ടോ; എങ്കിൽ ഇപ്രകാരം ലെവി നടക്കുന്നുണ്ടോ;

(എഫ്) തൊണ്ട് സംഭരണത്തിന് ത്രീ പോയിന്റ് ലെവി സമ്പ്രദായം നിർത്തലാക്കിയതുമൂലം തൊണ്ടു വില ക്രമാതീതമായി വർദ്ധിക്കുകയും സഹകരണസംഘങ്ങൾക്ക് തൊണ്ട് ലഭിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അഷിം ചാറ്റർജി കമ്മിറ്റി റിപ്പോർട്ടു പ്രകാരം നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ കൊടുക്കുന്നു.

1. കയർ കയറുൽപ്പന്നങ്ങൾക്ക് 20% റിബേറ്റ് നൽകുന്ന പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

2. കയർ സഹകരണ സംഘങ്ങൾക്ക് വർദ്ധിച്ച നിരക്കിൽ ഓഹരി വിഹിതവും മാനേജീരിയൽ സബ്സിഡിയും.

3. കയർ വ്യവസായം ആധുനികവൽക്കരിക്കുക, കയർ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുക എന്നീ ലക്ഷ്യത്തോടെ യന്ത്രവൽകൃത ചകിരി മില്ലുകളും, കയർപിരി യൂണിറ്റുകളും സ്ഥാപിക്കുന്നതിനുള്ള സംയോജിത കയർ വികസന പദ്ധതി.

4 കയർ തൊഴിലാളികൾക്ക് യന്ത്രവൽക്കരണ കയർപിരി റാട്ടിൽ കയർ പിരിക്കുന്നതിന് പരിശീലനം.

5. കയർ തൊഴിലാളികളെ കിടത്തി ചികിൽസിപ്പിക്കുന്നതിന് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോട് അനുബന്ധിച്ച് 6 കിടക്കകളുള്ള 49 ആശുപത്രി വാർഡുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി.

6. കയർ ബോർഡ് നടപ്പാക്കിവരുന്ന മാതൃകാ കയർ ഗ്രാമപദ്ധതി

7. കേരള കയർ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് കേന്ദ്ര സർക്കാരിൽ നിന്നും സംഭാവന

(ഡി) ഉണ്ട്.

(ഇ) ഇപ്പോൾ നിലവിലില്ല.

(എഫ്) ത്രീ പോയിന്റ് ലെവി സമ്പ്രദായം ഉണ്ടായിരുന്ന കാലത്തും സംഘങ്ങൾക്ക് ആവശ്യാനുസരണം തൊണ്ട് ലഭിച്ചിരുന്നില്ല. ലെവി സമ്പ്രദായം പ്രയോജനകരമല്ലായെന്നു കണ്ടതിന്റെ അടിസ്ഥാനത്തിലാണ് നിർത്തലാക്കിയത്. നിർത്തലാക്കിയതു മുതൽ തൊണ്ടിന്റെ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പൊതുവിപണിയിൽ നിന്നും തൊണ്ട്, ചകിരി എന്നിവ വാങ്ങി ഉൽപ്പാദനം നടത്തുമ്പോൾ സംഘങ്ങൾക്കുണ്ടാവുന്ന അധിക ചെലവ് പരിഹരിക്കുന്നതിനായി തൊണ്ട്, ചകിരി എന്നിവ വാങ്ങുന്നതിന് സബ്സിഡി നൽകുന്ന ഒരു പദ്ധതി സർക്കാർ നടപ്പാക്കിവരുന്നു. ഈ പദ്ധതി പ്രകാരം 1000 തൊണ്ടിന് പരമാവധി 150 രൂപയും 1 ക്വിന്റൽ ചകിരിക്ക് 150 രൂപ നിരക്കിലും സബ്സിഡി അനുവദിക്കുന്നുണ്ട്.

38 (1264) കയറിന്റെ വില

ശ്രീ. കെ.എം. മാണി :

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായത്തെപ്പറ്റി ഗവേഷണം നടത്തുന്നതിന് പരിപാടിയുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് കയർ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇത് കയർ പിരിക്കുന്ന തൊഴിലാളികൾക്കും കയർ സഹകരണ സംഘങ്ങൾക്കും എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly